പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1234 — 01.07.2015 ൽ മറുപടിക്ക്

**<u>അരി വിതരണത്തിലെ അഴിമതി</u>**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി.ചെന്താമരാക്ഷൻ:** | **ശ്രീ. അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും പൊതു വിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി |
| (എ) സിവിൽ സപ്ലൈസ് വകുപ്പിന്റെ അരി വിതരണത്തിൽ അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) 2012 വർഷത്തിൽ മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും അന്വേഷണം നടക്കുകയുണ്ടായോ അന്വേഷണത്തിൽ കണ്ടെത്തിയ വിവരം ലഭ്യമാക്കാമോ; | (ബി) സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലെ ഓഡിറ്റ് വിഭാഗം അന്വേഷണം നടത്തുകയുണ്ടായി. ആവശ്യകതയിൽ കൂടുതൽ സാധനങ്ങൾ ക്രമ വിരുദ്ധമായി നല്കി സർക്കാരിന് നഷ്ടം വരുത്തിയതായി കണ്ടെത്തി. |
| (സി) ആരെയൊക്കെയാണ് ഈ അഴിമതിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ; | (സി) |

| | | |
|---|---|---|
| 1 | കെ.കെ.ബിജു | ക്ലർക്ക് |
| 2 | സുജാത.പി | റേഷനിംഗ് ഇൻസ്പെക്ടർ |
| 3 | മുഹമ്മദ് കുട്ടി.പി | റേഷനിംഗ് ഇൻസ്പെക്ടർ |
| 4 | രാജശ്രീ.പി | റേഷനിംഗ് ഇൻസ്പെക്ടർ |
| 5 | ജോർജ്ജ് .കെ.സാമുവൽ | റേഷനിംഗ് ഇൻസ്പെക്ടർ |
| 6 | ബഷീർ.ടി | റേഷനിംഗ് ഇൻസ്പെക്ടർ |
| 7 | പ്രമോദ്.പി | റേഷനിംഗ് ഇൻസ്പെക്ടർ |
| 8 | രാധാകൃഷ്ണൻ.ബി | റേഷനിംഗ് ഇൻസ്പെക്ടർ |
| 9 | പ്രസന്നകുമാർ.എ | റേഷനിംഗ് ഇൻസ്പെക്ടർ |
| 10 | പി.കെ.സൈനുദ്ദീൻ കുട്ടി | റേഷനിംഗ് ഇൻസ്പെക്ടർ (റിട്ടയേർഡ്) |
| 11 | അലവിക്കുട്ടി | അസ്സി. താലൂക്ക് സപ്ലൈ ഓഫീസർ (റിട്ടയേർഡ്) |

| | | | |
|---|---|---|---|
| | | | 12 ബാബു.സി.എൻ താലൂക്ക് സപ്ലൈ ഓഫീസർ (റിട്ടയേർഡ്) |
| | | | മേൽപ്പറഞ്ഞ ജീവനക്കാരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിരുന്നു. |
| (ഡി) | ഇവർക്കെതിരെ എന്ത് നടപടി സ്വീകരി ച്ചുവെന്ന് വ്യക്തമാക്കുമോ? | (ഡി) | മേൽ ക്രമ നം, (1) ജീവനക്കാരൻ കെ.കെ. ബിജുവിനെതിരെ ഓഫീസ് മുദ്ര ദുർവിനിയോഗം ചെയ്തതിനും ഓഫീസ് രേഖകളിൽ മേലധികാരികളുടെ അറിവോ സമ്മതമോ ഇല്ലാതെ സ്വയം സാക്ഷ്യപ്പെടുത്തി റേഷൻ സാധനങ്ങൾ വിതരണം ചെയ്തു എന്ന ക്രിമിനൽ കുറ്റത്തിന് തിരൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 1386/14 U/S 409, 201 IPC ആയി കേസ് രജിസ്റ്റർ ചെയ്തു. ജീവനക്കാരുടെ കർത്തവ്യ നിർവ്വഹണത്തിലുണ്ടായ വീഴ്ചയ്ക്ക് അനുസൃതമായി നഷ്ടമായ തുകയുടെ 10 ശതമാനം വീതം കണക്കാക്കി മേൽ ക്രമ നം. (2) മുതൽ (8) വരെയുള്ള ജീവനക്കാരിൽ നിന്ന് ഈടാക്കുകയും സസ്പെൻഷൻ കാലയളവ് അർഹതപ്പെട്ട അവധിയായി ക്രമീകരിച്ച് കുറ്റ വിമുക്തരാക്കി സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുകയും ചെയ്തു. മേൽ ക്രമ നം. 9, 10, 11 ആയ ജീവനക്കാരെ കുറ്റക്കാരല്ലെന്ന് കണ്ട് താക്കീത് ചെയ്ത് സിവിൽ സപ്ലൈസ് ഡയറക്ടർ സേവനത്തിൽ തിരികെ എടുത്തു. മേൽ ക്രമ നം. 12 ശ്രീ. ബാബു.സി.എൻ (റിട്ട.) താലൂക്ക് സപ്ലൈ ഓഫീസർക്ക് സർക്കാർ നഷ്ടത്തിന്റെ 10 ശതമാനം 2 ലക്ഷത്തിൽ കൂടുതലാണെങ്കിൽ 2 ലക്ഷം രൂപ അടവാക്കുന്നതിനും ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ